ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# NATIONAL BULLETIN

**DATE: 07.04.2025** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. ഇന്ത്യ - പോർച്ചുഗൽ ബന്ധം ആധുനികവും ബഹുമുഖവുമായ പങ്കാളിത്തത്തിലേയ്ക്ക് വളരുകയാണെന്ന് രാഷ്ട്രപതി ദ്രൗപതി മുർമു.

   **India-Portugal relations are evolving into a modern and multifaceted partnership, says President Droupadi Murmu.**

2. ആരോഗ്യകരമായ ലോകം കെട്ടിപ്പടുക്കുന്നതിൽ ഇന്ത്യയുടെ പ്രതിബദ്ധത ആവർത്തിച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദി.

   **Prime Minister Narendra Modi reiterated India's commitment to build a healthier world.**

3. രാജ്യാതിർത്തികൾ സംരക്ഷിക്കുന്നതിനായി നൂതന ഇലക്ട്രോണിക് നിരീക്ഷണ സംവിധാനം വിന്യസിക്കുമെന്ന് ആഭ്യന്തര മന്ത്രി അമിത് ഷാ.

   **Home Minister Amit Shah says that an advanced electronic surveillance system will be deployed to protect the country's borders.**

4. കൊച്ചി കപ്പൽശാല നിർമ്മിക്കുന്ന രണ്ട് ഹരിത ടഗ്ഗുകളുടെ സ്റ്റീൽ കട്ടിംഗ് കേന്ദ്ര മന്ത്രി സർബാനന്ദ സോനോവാൾ ഉദ്ഘാടനം ചെയ്തു.

**Union Minister Sarbananda Sonowal inaugurated the steel cutting of two green tugs being built by the Cochin Shipyard.**

5. ദുബായ് കിരീടാവകാശിയും യുഎഇ ഉപപ്രധാനമന്ത്രിയുമായ ഷെയ്ഖ് ഹംദാൻ ബിൻ മുഹമ്മദ് അൽ മക്തൂം രണ്ട് ദിവസത്തെ സന്ദർശനത്തിനായി നാളെ ഇന്ത്യയിലെത്തും.

**Dubai Crown Prince and UAE Deputy Prime Minister Sheikh Hamdan bin Mohammed Al Maktoum will arrive in India tomorrow for a two-day visit.**

6. ഗാർഹിക പാചക വാതക സിലിണ്ടറുകളുടെ വില 50 രൂപ വർദ്ധിപ്പിച്ച് കേന്ദ്ര സർക്കാർ. പുതുക്കിയ വില നാളെ നിലവിൽ വരും.

**The central government has increased the price of domestic cooking gas cylinders by Rs 50. The revised price will come into effect tomorrow.**

**********

## PREZ - PORTUGAL VISIT(intro)

ഇന്ത്യ - പോർച്ചുഗൽ ബന്ധം ആധുനികവും ബഹുമുഖവുമായ പങ്കാളിത്തത്തിലേയ്ക്ക് വളരുകയാണെന്ന് രാഷ്ട്രപതി ദ്രൗപതി മുർമു. ലിസ്ബണിൽ പോർച്ചുഗൽ പ്രസിഡന്റ് മാർസെലോ റെബലോ ഡി സൂസയുമായുള്ള പ്രതിനിധിതല ചർച്ചകൾക്ക് ശേഷം നടത്തിയ സംയുക്ത മാധ്യമ പ്രസ്താവനയിലാണ് ശ്രീമതി മുർമുവിന്റെ പ്രതികരണം.

ഹോൾഡ്

പോർച്ചുഗൽ പ്രധാനമന്ത്രി ലൂയിസ് മോണ്ടിനെഗ്രോ, പാർലമെന്റ് സ്പീക്കർ എന്നിവരുമായും രാഷ്ട്രപതി കൂടിക്കാഴ്ച നടത്തും. പോർച്ചുഗല്ലിലെ ഇന്ത്യൻ സമൂഹവുമായും, വിവിധ സർവ്വകലാശാലകളിൽ പ്രവർത്തിക്കുന്ന ഇന്ത്യൻ ശാസ്ത്രജ്ഞരുമായും രാഷ്ട്രപതി സംവദിക്കും.

*********

## DAY. WORLD HEALTH DAY

ആരോഗ്യകരമായ ലോകം കെട്ടിപ്പടുക്കുന്നതിൽ ഇന്ത്യയുടെ പ്രതിബദ്ധത ആവർത്തിച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദി. അഭിവൃദ്ധി പ്രാപിക്കുന്ന ഏതൊരു സമൂഹത്തിൻറെയും അടിത്തറ ആരോഗ്യമാണെന്ന് ലോകാരോഗ്യ ദിന സന്ദേശത്തിൽ പ്രധാനമന്ത്രി വ്യക്തമാക്കി. മാതൃ - നവജാത ശിശുക്കളുടെ ആരോഗ്യവും ക്ഷേമവും മുൻനിർത്തി '**ആരോഗ്യകരമായ തുടക്കം - ആശാവഹമായ ഭാവി** ' എന്ന പ്രമേയവുമായാണ് ലോകാരോഗ്യ സംഘടനയുടെ നേതൃത്വത്തിൽ ആഗോള വ്യാപകമായി ഇന്ന് ലോകാരോഗ്യ ദിനാചരണ പരിപാടികൾ നടന്നത്.

*********

## REV.DAY AMIT SHAH - JAMMU

രാജ്യാതിർത്തികൾ സംരക്ഷിക്കുന്നതിനായി നൂതന ഇലക്ട്രോണിക് നിരീക്ഷണ സംവിധാനം വിന്യസിക്കുമെന്ന് ആഭ്യന്തര മന്ത്രി അമിത്ഷാ. ജമ്മു

കശ്മീരിലേക്കുള്ള തീവ്രവാദികളുടെ നുഴഞ്ഞുകയറ്റം തടയാൻ ഈ സാങ്കേതികവിദ്യ ഉപയോഗിക്കുമെന്നും ആഭ്യന്തര മന്ത്രി പറഞ്ഞു. കത്വ ജില്ലയിലെ അന്താരാഷ്ട്ര അതിർത്തിക്കടുത്തുള്ള ബോർഡർ ഔട്ട്പോസ്റ്റ് സന്ദർശിച്ചശേഷം ബി.എസ്.എഫ് ഉദ്യോഗസ്ഥരെ അഭിസംബോധന ചെയ്യുകയായിരുന്നു അമിത് ഷാ. അതിർത്തികളിൽ രണ്ട് മോഡൽ ഇലക്ട്രോണിക് നിരീക്ഷണ സംവിധാനം വിന്യസിക്കുന്നുണ്ടെന്നും ശത്രുവിന്റെ ഭാഗത്ത് നിന്നുള്ള പ്രകോപനങ്ങളിൽ ബിഎസ്എഫിന് ഉടനടി പ്രതികരിക്കാൻ കഴിയുമെന്നും അദ്ദേഹം പറഞ്ഞു.

*********

## SARBANANDA SONAWAL

കൊച്ചി കപ്പൽശാല നിർമ്മിക്കുന്ന രണ്ട് ഹരിത ടഗ്ഗുകളുടെ സ്റ്റീൽ കട്ടിംഗ് കേന്ദ്ര മന്ത്രി സർബാനന്ദ സോനോവാൾ ഉദ്ഘാടനം ചെയ്തു. കപ്പൽശാലയിൽ പുതുതായി സ്ഥാപിച്ച സ്റ്റീൽ കട്ടിംഗ് മെഷീനിന്റെ ഉദ്ഘാടനവും അദ്ദേഹം നിർവഹിച്ചു. 12,000 ഘനയടി ശേഷിയുള്ള സക്ഷൻ ഹോപ്പർ ഡ്രഡ്ജറുടെ നിർമ്മാണ പുരോഗതി മന്ത്രി വിലയിരുത്തി. കൂടാതെ, ടെറാമാരിസ്, മിയ വാക്കി വാക്ക് വേകളുടെ സമർപ്പണവും അദ്ദേഹം നിർവഹിച്ചു. ഇന്ത്യൻ മാരിടൈം യൂണിവേഴ്സിറ്റി ക്യാമ്പസിൽ നടന്ന മറ്റൊരു ചടങ്ങിൽ വനിത ഹോസ്റ്റൽ - ലൈബ്രറി കെട്ടിടത്തിൻ്റെ ശിലാസ്ഥാപനവും കേന്ദ്ര മന്ത്രി നിർവഹിച്ചു.

*********

## FM-VISIT

കേന്ദ്ര ധനമന്ത്രി നിർമ്മല സീതാരാമൻറെ യുകെ - ഓസ്ട്രിയ സന്ദർശനം നാളെ ആരംഭിക്കും. ഈ മാസം 13 വരെ നടക്കുന്ന സന്ദർശന വേളയിൽ ഇരു രാജ്യങ്ങളും തമ്മിലുള്ള മന്ത്രിതല യോഗങ്ങളിൽ കേന്ദ്രമന്ത്രി പങ്കെടുക്കും. ഇന്ത്യ-യുകെ ഇക്കണോമിക് ആൻറ് ഫിനാൻഷ്യൽ ഡയലോഗിന്റെ പതിമൂന്നാമത് മന്ത്രിതല ചർച്ചയിലും ശ്രീമതി നിർമ്മലാസീതരാമൻ പങ്കെടുക്കും. തുടർന്ന് ഇരു

രാജ്യങ്ങളിലെയും നിക്ഷേപകർ, ബിസിനസ്സ് സംരംഭകർ തുടങ്ങിയവരുമായി മന്ത്രി കൂടിക്കാഴ്ച നടത്തും.

*********

## DIGITAL THREAT REPORT

സൈബർ സുരക്ഷയിൽ, ആഭ്യന്തര സാങ്കേതികവിദ്യയിലൂടെ സ്വയംപര്യാപ്തത കൈവരിക്കണമെന്ന് കേന്ദ്ര വാർത്താവിനിമയ വിവര സാങ്കേതിക മന്ത്രാലയം. രാജ്യത്തെ വ്യവസായ മേഖലയിൽ സൈബർ സുരക്ഷാ അവബോധത്തിന് പ്രാധാന്യം നൽകണമെന്നും വിവര സാങ്കേതിക മന്ത്രാലയ സെക്രട്ടറി എസ് കൃഷ്ണൻ പറഞ്ഞു. ബാങ്കിംഗ്, ധനകാര്യ സേവനങ്ങൾ, ഇൻഷുറൻസ്-ബിഎഫ്എസ്ഐ മേഖലയ്ക്കായുള്ള ഡിജിറ്റൽ ത്രെട്ട് റിപ്പോർട്ട് 2024 പുറത്തിറക്കിയശേഷം സംസാരിക്കുകയായിരുന്നു അദ്ദേഹം.

*********

## DUBAI CROWN PRINCE

ദുബായ് കിരീടാവകാശിയും യുഎഇ ഉപപ്രധാനമന്ത്രിയുമായ ഷെയ്ഖ് ഹംദാൻ ബിൻ മുഹമ്മദ് അൽ മക്തൂം രണ്ട് ദിവസത്തെ സന്ദർശനത്തിനായി നാളെ ഇന്ത്യയിലെത്തും. മന്ത്രിമാരും ഉദ്യോഗസ്ഥരും ഉന്നതതല ബിസിനസ് പ്രതിനിധി സംഘവും അദ്ദേഹത്തോടൊപ്പം ഉണ്ടാകും. പ്രധാനമന്ത്രി നരേന്ദ്ര മോദി കിരീടാവകാശിക്ക് ഔദ്യോഗിക വിരുന്ന് നൽകും. വിദേശകാര്യ മന്ത്രി എസ് ജയ്ശങ്കർ, പ്രതിരോധ മന്ത്രി രാജ്നാഥ് സിംഗ് എന്നിവരുമായി അദ്ദേഹം കൂടിക്കാഴ്ച നടത്തും. യുഎഇയിലെ ഏകദേശം 4.3 ദശലക്ഷം ഇന്ത്യൻ പ്രവാസികളിൽ ഭൂരിഭാഗവും ദുബായിലാണ്. കിരീടാവകാശിയുടെ സന്ദർശനം ഇന്ത്യ-യുഎഇ സാമ്പത്തിക, വാണിജ്യ സഹകരണം ശക്തിപ്പെടുത്തൻ സഹായകരമാകുമെന്ന് വിദേശകാര്യ മന്ത്രാലയം അറിയിച്ചു.

*********

## IPL CRICKET

ഐപിഎൽ ക്രിക്കറ്റിൽ, മുംബൈ ഇന്ത്യൻസ് - റോയൽ ചലഞ്ചേഴ്സ് ബംഗളൂരു പോരാട്ടം. മുംബൈയിലാണ് മത്സരം നടക്കുന്നത്.

*********

## ISL - Football

ഇന്ത്യൻ സൂപ്പർ ലീഗ് ഫുട്ബോളിൽ രണ്ടാം സെമി മത്സരത്തിൽ ഇന്ന് മോഹൻ ബഗാൻ - ജംഷഡ്പൂർ പോരാട്ടം. കൊൽക്കത്തയിലാണ് മത്സരം.

ഇന്നത്തെ മത്സരത്തിലെ വിജയികളെയാകും ഫൈനലിൽ ബെംഗളൂരു നേരിടുക. ആദ്യ പാദ പോരാട്ടത്തിൽ ജംഷഡ്പൂർ 2 -1 ന് ജയിച്ചിരുന്നു. ഏപ്രിൽ 12 നാണ് ഫൈനൽ.

*********

## EXCISE DUTY (INTRO)

ഗാർഹിക പാചക വാതക സിലിണ്ടറുകളുടെ വില 50 രൂപ വർദ്ധിപ്പിച്ച് കേന്ദ്ര സർക്കാർ. പുതുക്കിയ വില നാളെ മുതൽ പ്രാബല്യത്തിൽ വരുമെന്ന് കേന്ദ്ര പെട്രോളിയം മന്ത്രി ഹർദീപ് സിങ്ങ് പുരി അറിയിച്ചു. ഉജ്വല യോജന ഗുണഭോക്താക്കൾ സിലിണ്ടറൊന്നിന് 550 രൂപയും, മറ്റുള്ളവർ 853 രൂപയുമാണ് ഇനി മുതൽ നൽകേണ്ടത്. പെട്രോളിൻറെയും ഡീസലിൻറെയും എക്സൈസ് തീരുവ ലിറ്ററിന് രണ്ട് രൂപ വച്ച് വർദ്ധിപ്പിക്കാനും തീരുമാനിച്ചിട്ടുണ്ട്. തീരുമാനം ഉപഭോക്താക്കളെ ബാധിക്കില്ലെന്നും, പെട്രോളിൻറെയും ഡീസലിൻറെയും ചില്ലറ വിൽപന വിലയിൽ മാറ്റമുണ്ടാകില്ലെന്നും ഇന്ധന വിതരണ കമ്പനികൾ അറിയിച്ചതായി ഹർദീപ് സിങ്ങ് പുരി പറഞ്ഞു.

(ഹോൾഡ്)

*********

**M B RAJESH**

മാലിന്യമുക്തമായ നവകേരളം സൃഷ്ടിക്കാനുള്ള സംസ്ഥാന സർക്കാരിന്റെ ശ്രമം നിർണായക ഘട്ടത്തിലെന്ന് മന്ത്രി എം.ബി. രാജേഷ്. സംസ്ഥാനത്തെ 1,034 തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ 1,027 ഉം ശുചിത്വമികവിലേക്ക് എത്തി. മാലിന്യ സംസ്കരണത്തിൽ സംസ്ഥാനം കൈവരിച്ച മുന്നേറ്റങ്ങളും, ഭാവി പദ്ധതികളും ചർച്ച ചെയ്യുന്ന വൃത്തി 2025 ദേശീയ കോൺക്ലേവ് മുഖ്യമന്ത്രി പിണറായി വിജയൻ മറ്റന്നാൾ തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യുമെന്നും മന്ത്രി അറിയിച്ചു.

**********

**KERALA -RAIN**

ബംഗാൾ ഉൾക്കടലിലെ ന്യൂനമർദ്ദത്തിൻറെ സ്വാധീനത്താൽ, സംസ്ഥാനത്തു ഇന്നും നാളേയും ഒറ്റപ്പെട്ട സ്ഥലങ്ങളിൽ ഇടിമിന്നലോടു കൂടിയ ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്.

ഇടുക്കി, എറണാകുളം, തൃശൂർ ജില്ലകളിൽ ഇന്നും തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട ജില്ലകളിൽ നാളെയും മഞ്ഞ ജാഗ്രത നിർദ്ദേശം നൽകിയിട്ടുണ്ട്.

**********

**Trump - Global markets**

ട്രംപ് ഭരണകൂടം അമേരിക്കയിൽ നടപ്പിലാക്കിയ തീരുവ നയത്തിൻറെ ആഘാതത്തിൽ ഓഹരി വിപണി. കനത്ത തകർച്ചയാണ് ഏഷ്യൻ ഓഹരി വിപണി നേരിട്ടത്. മലേഷ്യൻ, തായ് വാൻ, ചൈനീസ് വിപണിയിലും കനത്ത തകർച്ച ഉണ്ടായി. ഇന്ത്യൻ ഓഹരി വിപണിയിലും വൻ ഇടിവ് നേരിട്ടു. യുഎസും ചൈനയും തമ്മിലുള്ള വ്യാപാര സംഘർഷമാണ് ഇന്നത്തെ തകർച്ചയ്ക്ക് പിന്നിലെ പ്രധാന ഘടകം.

*********

## SENSEX-GOLD

രാജ്യത്തെ ഓഹരി വിപണികളിൽ വൻ നഷ്ടം. ബോംബൈ ഓഹരി സൂചിക സെൻസെക്സ് 2,227 പോയിൻറ് നഷ്ടത്തിൽ 73,138 ലും ദേശീയ ഓഹരി സൂചിക നിഫ്റ്റി 743 പോയിൻറ് നഷ്ടത്തിൽ 22,162ലും വ്യാപാരം അവസാനിപ്പിച്ചു.

*********

## DEFENCE MINISTER - BEL

പ്രതിരോധ മന്ത്രാലയം ബംഗളൂരുവിലെ ഭാരത് ഇലക്ട്രോണിക്സ് ലിമിറ്റഡുമായി 2,385 കോടി രൂപയുടെ കരാറിൽ ഒപ്പിട്ടു. പ്രതിരോധ സെക്രട്ടറി രാജേഷ് കുമാർ സിങ്ങിന്റെ സാന്നിധ്യത്തിലാണ് കരാറിൽ ഒപ്പിട്ടത്. പ്രതികൂല സാഹചര്യങ്ങളിൽ ഹെലികോപ്റ്ററുകളുടെ പ്രവർത്തനങ്ങളെ സഹായിക്കുന്ന ഉപകരണങ്ങൾ ലഭ്യമാക്കുന്നതാണ് കരാർ.

*********

## POSHAN PAKHWADA

വനിതാ-ശിശു വികസന മന്ത്രാലയം സംഘടിപ്പിക്കുന്ന പോഷൻ പഖ്വാഡയുടെ ഏഴാം പതിപ്പിന് നാളെ തുടക്കമാകും. കുട്ടികൾ, കൗമാരക്കാർ, ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ എന്നിവരുടെ പോഷകാഹാര നിലവാരം മെച്ചപ്പെടുത്തുക എന്നിവയാണ് പരിപാടിയുടെ ലക്ഷ്യങ്ങൾ. പരിപാടിയോടനുബന്ധിച്ച് കേന്ദ്ര സഹമന്ത്രി സാവിത്രി താക്കൂർ നാളെ എല്ലാ സംസ്ഥാനങ്ങളിലെയും കേന്ദ്രഭരണ പ്രദേശങ്ങളിലെയും വിവിധ മന്ത്രാലയങ്ങളിലെയും ഉദ്യോഗസ്ഥരെയും അംഗൻവാടി ജീവനക്കാരെയും വെബ്കാസ്റ്റിംഗിലൂടെ അഭിസംബോധന ചെയ്യും.

*********

## PM - NAVKAR MAHAMANTRA

ബുധനാഴ്ച ന്യൂഡൽഹിയിൽ നടക്കുന്ന നവകർ മഹാമന്ത്ര ദിവസിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി പങ്കെടുക്കും. ചടങ്ങിൽ അദ്ദേഹം സദസ്സിനെ അഭിസംബോധന ചെയ്യും. ജൈനമതത്തിലെ ഏറ്റവും ആദരണീയവും സാർവത്രിക മന്ത്രവുമായ നവകർ മഹാമന്ത്രത്തിന്റെ കൂട്ടായ ജപമാണ് നവകർ മഹാമന്ത്ര ദിവസിൽ പ്രധാനം. അഹിംസ, വിനയം, ആത്മീയ ഉയർച്ച എന്നീ തത്വങ്ങളിൽ വേരൂന്നിയ ആഘോഷമാണിത്.

*********

## PM MUDRA LOAN

പ്രധാനമന്ത്രി മുദ്ര യോജന പ്രകാരം ഇതുവരെ 52 കോടിയിലധികം വായ്പകൾ അനുവദിച്ചതായി കേന്ദ്രസർക്കാർ. 32 ലക്ഷം കോടിയിലേറെ രൂപയാണ് ഇതിലൂടെ നൽകിയത്. സംരംഭങ്ങൾക്കായി, പത്ത് ലക്ഷം രൂപ വരെ ഈടില്ലാത്ത വായ്പ അനുവദിക്കുന്നതിന്, 2015 ലാണ് കേന്ദ്ര സർക്കാർ പ്രധാനമന്ത്രി മുദ്ര യോജന ആരംഭിച്ചത് . സ്ത്രീകളുടെ സാമ്പത്തിക സ്വാതന്ത്ര്യവും, ലിംഗനീതിയും പ്രോത്സാഹിപ്പിക്കുന്നതിനായി, മുദ്ര വായ്പകളുടെ 70 ശതമാനവും വനിതാ സംരംഭകർക്കാണ് അനുവദിച്ചിരിക്കുന്നത്. പട്ടിക ജാതി - പട്ടിക വർഗ്ഗ - പിന്നാക്ക വിഭാഗങ്ങൾക്കാണ് വായ്പയുടെ 50 ശതമാനം അനുവദിച്ചിരിക്കുന്നതെന്നും കേന്ദ്രം വ്യക്തമാക്കി.

*********

******

****